**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 175 — **06.02.2019-** ൽ മറുപടിയ്ക്ക്

## വനിതാ വികസന കോർപ്പറേഷൻ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി പി.അയിഷാ പോറ്റി
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.കെ.കുഞ്ഞിരാമൻ.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ബോർഡ് തലത്തിലും സർക്കാർ തലത്തിലും അവലോകനം ചെയ്യാറുണ്ട്. |
| (ബി) | വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (ബി) | വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ വിവിധ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടു കൂടി സ്വയം തൊഴിൽ വായ്പ നൽകി വരുന്നു. കൂടാതെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സ്വയം തൊഴിലിൽ ഏർപ്പെടുത്തുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലന പരിപാടികളും നടത്തി വരുന്നു. |
| (സി) | ഇതിനായി നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എത്ര തുക വനിതാ വികസന കോർപ്പറേഷൻ വായ്പയായി നല്കിയിട്ടുണ്ട്; | (സി) | 103,32,74,215/- രൂപ (നൂറ്റി മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുനൂറ്റി പതിനഞ്ച് രൂപ മാത്രം) |

| | | | |
|---|---|---|---|
| (ഡി) | പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് കൂടുതൽ ധനസഹായം നൽകുന്നതിനായി ദേശീയ പട്ടികവർഗ്ഗ ധനവികസന കോർപ്പറേഷനുമായി വനിതാ വികസന കോർപ്പറേഷൻ ധാരണാപത്രത്തിൽ ഒപ്പ് വെച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ഉണ്ട്. ദേശീയ പട്ടികവർഗ്ഗ ധന വികസന കോർപ്പറേഷനുമായി വനിതാ വികസന കോർപ്പറേഷൻ ധാരണാ പത്രത്തിൽ 07.12.2018-ൽ ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിൽ 56 ലക്ഷം രൂപ പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ വായ്പയായി നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ